# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6166** **04.07.2019-ൽ മറുപടിയ്ക്ക്**

## മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ ആണ് ഈ സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വ പൂർണ്ണമായ വിപണനം ഉറപ്പു വരുത്തുന്നതിനുമായി നിയമ നിർമ്മാണത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള കരട് ബിൽ സർക്കാർ പരിഗണനയിലാണ്. ഹാർബറുകളിൽ ശുചിത്വം ഉറപ്പാക്കാനും അവയുടെ പരിപാലനം ഉറപ്പാക്കാനും മുനമ്പം ഉൾപ്പെടെ സംസ്ഥാനത്തെ പതിമൂന്ന് ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന തീരമത്സ്യ ലേലം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാകുന്നതിന് സർക്കാർ ധനസഹായത്തോടെയുള്ള മത്സ്യഫെഡിന്റെ 36 ഫിഷ്മാർട്ടുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. തീരത്തുനിന്നും പച്ചമത്സ്യം ശേഖരിച്ച് 'അന്തിപച്ച' എന്ന പേരിൽ പ്രത്യേകം സജ്ജമാക്കിയ വാഹനങ്ങളിൽ നഗരപ്രദേശങ്ങളിലെത്തിച്ച മത്സ്യഫെഡ് നടത്തുന്ന മൊബൈൽ ഫിഷ് മാർട്ടുകളിലൂടെയുള്ള മത്സ്യവിപണനവും നടപ്പാക്കിവരുന്നു. |

Sheeba

**സെക്ഷൻ ആഫീസർ**